
ഉയരങ്ങളിലേക്കൊരു കുഞ്ഞു പട്ടം
A DIGITAL
MAGAZINE BY
LITTLE KITES 2018-19
AHS PAREL MAMPATTUMOOLA

# ഉയരങ്ങളിലേക്കൊരു
# കുഞ്ഞു പട്ടം

A DIGITAL MAGAZIN
AHS PAREL MAMPATTUMOOLA

2018-19

## ആശംസകൾ

വിദ്യാർത്ഥികളിലെ കംപ്യൂട്ടർ അഭിരുചി വർദ്ധിപ്പിക്കാനും അതിന്റെ സാങ്കേതികവിദ്യകൾ സത്യസന്ധമായി പ്രയോജനപ്പെടുത്താനുമായി തയ്യാറാക്കിയിട്ടുള്ള ലിറ്റിൽ കൈറ്റ്സ് എന്ന പ്രവർത്തന പദ്ധതിയിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ ഈ മാഗസിനും ഇതിനായി പ്രവർത്തിച്ച എല്ലാ അംഗങ്ങൾക്കും എല്ലാവിധ ആശംസകളും നേരുന്നു.

സ്കൂൾ മാനേജർ
**അഹമ്മദ്കുട്ടി**

## ആശംസ

എ.എച്ച്.എസ്.എസ് പാറൽ മമ്പാട്ടുമൂല എന്ന ഈ വിദ്യാലയത്തിലെ
" ലിറ്റിൽ കൈറ്റ്സ് " വിഭാഗം
കുട്ടികൾ ഒരുക്കിയ ഒരു സാഹിത്യ വിരുന്നായ ഡിജിറ്റൽ
മാഗസിൻ എല്ലാ അർഥത്തിലും സാഹിത്യ രചനാ രംഗങ്ങളിൽ ഈ
സ്ഥാപനത്തിന് ലഭിക്കുന്ന ഒരു നൂതന
സംഭാവന തന്നെയാണ്.ഈ സ്ഥാപനത്തിലെ ഒരു കൂട്ടം
കുട്ടികളുടെ മൗലികവും തനതുായ ഒരു രചനാ ശേഖരണമാ
ണിത്.വിവര സാങ്കേതിക വിദ്യ നമ്മുടെ കുട്ടികളിൽ ചെലുത്തുന്ന
ശക്തമായ സ്വാധീനം ഇത് ഉയർത്തിക്കാണി
ക്കുന്നു.ഇവിടുത്തെ ''LITTLE KITES'' ആദ്യമായി ഏറ്റെടു
ത്ത മഹത്തായ  ഒരു ദൗത്യം എന്ന നിലയിൽ അത്യാകർ
ഷമായ ഒരിനം തന്നെയാണിത് എന്നതിൽ ഒട്ടും സംശയമി
ല്ല.വിവിധ ക്ലാസുകളിലെ കുട്ടികളാണ് ഈ മാഗസിനിലെ
വ്യത്യസ്ത ഇനങ്ങളുടെ രചയിതാക്കളെങ്കിലും ടൈപ്പിങ്,
എഡിറ്റിങ്ങ്തുടങ്ങിയ എല്ലാ പ്രവർത്തനങ്ങളും
വിജയയകരമായി പൂർത്തികരിച്ചത് ഈ വിദ്യാലയത്തിന്റെ ഭാവി
വാഗ്ദാനങ്ങളായ ഒരു കൂട്ടം കുട്ടികൈറ്റുകളുടെ കരങ്ങളാ
ണ്ന്നത് ഏറെ സന്തോഷത്തിനും അഭിമാനത്തിനും വക
നൽകുന്നു.ഏതൊരു പ്രവർത്തനവും ഏറ്റെടുത്ത് പൂർത്തിയാ
ക്കാൻതങ്ങൾ പ്രാപ്തരാണ് എന്ന് ഇതിലൂടെ ലിറ്റിൽ കൈറ്റ്സ്
തെളിയിച്ചിരിക്കുന്നു

ഈ അവസരത്തിൽ ആദ്യമായി നമു
ക്കൊരു '' ഡിജിറ്റൽ മാഗസിൻ'' ഒരുക്കി തന്ന എല്ലാ കുട്ടി കൈറ്റുകൾക്കും
ഹൃദ്യമായ അനുമോദനങ്ങൾ നേരുന്നു.കൂടാതെ ഈ മാഗസിന് എല്ലാ വിധ
ആശംസകളും കൈമാറുന്നു.

ഹെഡ്മാസ്റ്റർ

ഉമ്മറുട്ടി ടി .കെ

# ആശംസ

എ.എച്ച്.എസ് പാറൽ മമ്പാട്ടുമൂല ലിറ്റിൽ കൈറ്റ്സിന്റെ
ആഭിമുഖ്യത്തിൽ നിർമിക്കുന്ന ഈ
ഡിജിറ്റൽ മാഗസിന് എല്ലാ വിധ ഭാവുകങ്ങളും
നേരുന്നു.ഈ മാഗസിൻ നിർമാണം ഒരു പഠന പ്രവർത്തനമായി എടുത്ത്
നല്ല രീതിയിൽ പൂർത്തീ
കരിച്ചിരിക്കുന്നു.ഇതു വഴി മലയാളം ടൈപ്പിംഗിൽ
കുട്ടികൾ പ്രാവീണ്യം നേടിയതായി മനസ്സിലാക്കുന്നു.
തുടർന്നും ഇത്തരം പഠന പ്രവർത്തനങ്ങളിലേർപ്പെടാൻ
ലിറ്റിൽ കൈറ്റ്സിന് കഴിയട്ടെ എന്ന് ആശംസിക്കുന്നു.

ബാബു തോമസ്
ഡപ്യൂട്ടിഹെഡ്മാസ്ററർ

# ഉള്ളടക്കം


- ദൈവത്തിന്റെ സ്വന്തം നാട് കേരളം
- വിരൽ തുമ്പിലെ പട്ടം
- മിഴിനീർ പൂക്കൾ
- വ്യക്തിയല്ല ഒരു നല്ല വ്യക്തിത്വമാണ്
- എന്റെ കൂട്ടുകാർ
- തകഴിയുടെ ജീവിതത്തിലൂടെ ഒരു യാത്ര
- ഓർമ്മകൾക്കെന്തു സുഗന്ധം
- ഒരു പ്രളയാനുഭവം
- മങ്ങിയ പൂമരം
- സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട മാലാഖ
- സ്ക്കൂൾ ജീവിതം
- Importance Of Parents
- My Family Is My Heaven എന്റെ കൂട്ടുകാർ
- My School Life
- Role Of Social Media
- My School My Pride
- My Best Friend
- Importance Of Computer

# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

- മൂസക്കുട്ടി.പി.വി (കൈറ്റ് മാസ്റ്റർ)
- ജിജി മോൾ തോമസ് (കൈറ്റ് മിസ്ട്രസ്)
- ശിഫ ഷെറിൻ.പി.കെ (കൈറ്റ് ലീഡർ)
- വാസിദ് മോൻ.കെ (ഡപ്യൂട്ടി ലീഡർ)
- അഖിൽ അൽതാഫ്.പി
- നാജി അബ്ദുൽ ബഷീർ.സി.കെ
- ഗിൽഷ ഫാത്തിമ.പി.ടി
- ദിൽന.എം
- ഹർഷിദ.കെ
- ഷഫ്തർ ഹാഷിം.ഒ.കെ
- ശ്രീരാഗ്
- റിൻഷ.വി
- മുഹമ്മദ് ഷാമിൽ
- മുഹമ്മദ് ഇർഫാൻ
- മുഹമ്മദ് ഷിബിലി
- അഞ്ചന
- അൽഫ
- ഫിൽദ.കെ.വി

- അജിൻഷ.വി
- ഹൃതിക
- മുഹിബ്ബ തസ്ലി
- ജിൻഷ നൗറിൻ
- ബഹ്ജാന
- അഫ്ന റഷീദ്.വി.എം
- ഷജിൽ
- സമീന ഷെറിൻ.വി.പി
- ഫിദ സറീന
- റിൻഷ ഫാത്തിമ
- ഫാദില
- മാജിദ
- മേഘ ചേലാട്ട്
- ജീന.ടി
- സൂരജ്
- മുഹമ്മദ് സഫ്‌വാൻ
- മന്യ.പി
- മൃദുൽ
- ആയിഷ ഫിദ്‌വ
- ഷാമില
- നിമിഷ ജഹാൻ

# ആമുഖം

നമ്മുടെ സ്ക്കൂളിലെ ലിറ്റിൽ കൈറ്റ്സ് അഭിമാനത്തോടെ നിങ്ങളുടെമുമ്പിലേക്ക് സമർപ്പിക്കുകയാണ് "ഉയരങ്ങളിലേക്കൊരു കുഞ്ഞുപട്ടം "എന്ന ഡിജിറ്റൽ മാഗസിൻ .ഇതിന്റെ എല്ലാ പ്രവർത്തനങ്ങളും പൂർത്തീകരിച്ചത് ഈ ക്ലബ്ബിലെ അംഗങ്ങളാണ് എന്നു നിങ്ങളെ അറിയിക്കുന്നതിൽ വളരെയധികം സന്തോഷമുണ്ട് .പഠന പ്രവർത്തനത്തിന്റെ ഭാഗമായി ലഭിച്ച ഈ ജോലി പൂർത്തിയാക്കാൻ അവർ കാണിച്ച ആത്മാർത്ഥതയെ എത്ര പ്രശംസിച്ചാലും അധികമാവില്ല .ഈ മിടുക്കരായ വിദ്യാർത്ഥികൾക്കു പരിശീലനം നല്കാൻ കഴിഞ്ഞതിൽ ഞങ്ങൾ വളരെയധികം സന്തോഷിക്കുന്നു

മൂസക്കുട്ടി പുതുവളപ്പൻ (കൈറ്റ് മാസ്റ്റർ)

ജിഞ്ജിമോൾ തോമസ് (കൈറ്റ് മിസ്ട്രസ്)

# ദൈവത്തിന്റെ സ്വന്തം നാട്

## കേരളം



കേരളം എന്നാൽ പ്രകൃതിയുടെ ഭംഗി കൊണ്ടും ഐക്യം കൊണ്ടും അറിയപ്പെട്ട ഒരു കൊച്ചു സംസ്ഥാനമാണ്.ഈ കൊച്ചു സംസ്ഥാനത്തെ ദൈവത്തിന്റെ സ്വന്തം നാട് എന്ന് പറയപ്പെടുന്നു. ദൈവം അനുഗ്രഹിച്ച് നൽകിയ പ്രകൃതിയുടെ ഭംഗിയാണ് ഇന്ന് കേരളത്തെ ദൈവത്തിന്റെ സ്വന്തം നാട് എന്ന് വിശേശിപ്പിക്കുന്നത്. ഐക്യം കൊണ്ടും സൗഹൃദം കൊണ്ടും പേര് കേട്ട നാടാണ് നമ്മുടെ കേരളം.

നമ്മുടെ ഈ കേരളം ഇന്ന് എങ്ങനെയാണെന്ന് നമ്മുക്ക് ഊഹിക്കാവുന്നതെ ഉള്ളു.പ്രകൃതിയുടെ ഭംഗിയും പച്ചപ്പുമെല്ലാം ഭൂരിഭാഗവും നശിച്ച് കൊണ്ടിരിക്കുകയാണ്. ആളുകളുടെ സ്നേഹവും സൗഹൃദവും മങ്ങികൊണ്ടിരിക്കുകയാണ്.എല്ലാവരും പണത്തിനു വേണ്ടി മാത്രം ജീവിക്കുന്നവരായി തീരുകയാണ്.അതിനാൽ കുറച്ച് മാസങ്ങൾക്കു മുമ്പ് നാം നേരിടേണ്ടി വന്ന അതി ഭയങ്കരമായ കേരളത്തേയും ജനങ്ങളേയും വിറപ്പിച്ച ഒരു സംഭവമാണ് പ്രളയം.പ്രകൃതി നമ്മുടെ അമ്മയാണ് എന്നല്ലെ പറയപ്പെടുന്നത്.നമ്മൾ മക്കൾ ചെയ്യുന്ന തെറ്റുകൾ അധികനേരമൊന്നും ഒരു അമ്മയും നോക്കി നിൽക്കില്ല.അതുപോലെ തന്നെയാണ് പ്രകൃതിയുടെ കാര്യവും.നമ്മൾ ചെയ്യുന്ന കാര്യങ്ങൾ എങ്ങനെയാണ് നമ്മുടെ അമ്മയായ പ്രക്യതി സഹിക്കുന്നത്.ആ കാര്യയത്തിലാണ് നമ്മൾ നമ്മുടെ തെറ്റുകൾ തിരിച്ചറിയണം എന്ന ഒരു മുന്നറിയിപ്പാണ് പ്രളയം. ഈ പ്രളയം നമ്മുടെ നാടിനെ എങ്ങനെയെല്ലാം വിയർപ്പ് മുട്ടിച്ചു എന്ന് എല്ലാവർക്കും അറിയാം.പക്ഷേ ഒരേ കേരളീയ ജനതയുടെ മനസ്സിൽ എവിടെയോ ആ സ്നേഹം ഒളിച്ചിരിപ്പുണ്ട് എന്നത് ഈ പ്രളയത്തിൽ തന്നെ നമുക്ക് മനസ്സിലാക്കാം.ജാതിമത വ്യത്യാസമില്ലാതെ വലിയവൻ ചെറിയവൻ എന്ന വ്യത്യാസമില്ലാതെ എല്ലാവരും ഐക്യത്തോടേയും സ്നേഹത്തോടെയും പിടിച്ചു നിൽക്കാൻ സാധിച്ചു.അത് ഈ മനുഷ്യരുടെ സ്നേഹവും ഒരുമയുമാണ് ഇന്ന് ഈ പ്രളയത്തിൽനിന്ന് ഉയർത്തെഴുന്നേൽക്കാൻ നമ്മെ സഹായിച്ചത്.അതിശക്തമായി

**നമ്മെ തളർത്തിക്കളഞ്ഞ പ്രളയം അത് നമ്മുടെ അമ്മയായ പ്രകൃതിയെ ദ്രോഹിച്ചത് മൂലം നമ്മൾക്ക് വന്ന മുന്നറിയിപ്പാണ് ആ പ്രളയത്തെ അതി ജീവിച്ച് പുതിയൊരു കേരളം പണിയാനുള്ള ഒരുക്കത്തിലാണ് ഇന്ന് ജനങ്ങൾ.**

***SANA.K. 8.F***

# വിരൽ തുമ്പിലെ പട്ടം

ചിത്രങ്ങൾ ചിരിച്ചു, വരകൾ ചലിച്ചു
ഒഡാസിറ്റിയാലെ ഞങ്ങൾ ഒച്ചയും വച്ചു
എല്ലാം ചേർത്തൊരു സിനിമയുമാക്കി

അധ്യാപകരുടെ സഹായം തേടി
നിരവധി പടവുകൾ ചവിട്ടിക്കയറി
ഉയരങ്ങൾ കീഴടക്കുമീ ഞങ്ങൾ
ലിറ്റിൽ കൈറ്റ്സിൻ അംഗങ്ങൾ

പായും പുലിയുടെ വേഗത്താലെ
വിരലുകൾ ചലിച്ചു വാക്കുപതിഞ്ഞു
നിരവധി പേജിൽ നിരവധി കവിതകൾ
വിതയ്ക്കാനായി ഞങ്ങൾ
അറിവിൻ വിത്തു മുളപ്പിച്ചു

ഹർഷത്തിൻ പൂത്തിരി ഉള്ളിലുദിച്ചു
സ്ക്രാച്ചിൽ കണ്ടു ഞങ്ങൾ, വർണത്തിൻ

ലോകം

ചെയ്തു ഞങ്ങൾ ആനന്ദത്താൽ
നിരവധി കളികൾ കമ്പ്യൂട്ടറിനുള്ളിൽ
കാൽക്കുലേറ്റർ, മാത് ക്യാറ്റ്
എല്ലാം ഇവയിലുണ്ടല്ലോ

മറച്ചു വയ്ക്കാനാവില്ലൊന്നും ഗ്നുഗിളിനുള്ളി
ലെന്നൊരു സത്യം ഞങ്ങളറിഞ്ഞല്ലോ
എല്ലാ അറിവുകൾ നേടിത്തന്നതീ
സ്വതന്ത്ര സോഫ്റ്റ് വെയറാണല്ലോ

ഈ അറിവുകൾ ഉയർത്തും ഞങ്ങൾ
ലിറ്റിൽ കൈറ്റ്സിൻ അംഗങ്ങൾ



**അജിൻഷ 9.G**
**ഹൃതിക 9.G**

# <u>മിഴിനീർ പൂക്കൾ</u>




ദൈന്യദയേറുന്ന മിഴികളോടന്നൊരാൾ
ചുറ്റും ഭയത്താൽ പരതുന്നിതാ വൃദ്ധ,
സാക്ഷരർ എന്നഭിമാനിക്കും നാമിതാ
വിശക്കും വയറ്റിൽ ചവിട്ടി രസിക്കുന്നു
ഒരുകിലോ അരിയും ഒരു ക്രുടുമല്ലിയും
ഒരു കെട്ടുബീഢിയും മോഷ്ടിച്ചതോ കുറ്റം ?
പശിയടങ്ങാത്ത വയറിനെ കാണാത്ത നാം
എന്തുനന്മ ചെയ്തീടിലും തിന്മയായ് തീർന്നിടും
മോഷ്ടിച്ചതെന്തിനെന്നു ക്രോശിക്കുന്നൊരാൾ
"വിശന്നിട്ടല്ലേ ചേട്ടാ " എന്നുള്ള മറുപടി
ഏതു കഠിന ഹൃദയനെയും.
ഉഴുതുമറിക്കാൻ പോന്നതാകും,
ദയക്കായ് കേഴുമീ,
മധുവിന്റെ കണ്ണുകൾ
ഉണ്ണാനിരിക്കെ മനസ്സിൽ തെളിയുന്നു.
ഒരു പിടി ചോറിന്റെ വിലയറിയാത്തൊരാ-
പുത്തൻ തലമുറ എന്തുചെയ്തീടുവാൻ
ഇക്കാണും ഹീനപ്രവൃത്തികൾ ഇനിമേലിൽ
കേരളകരയിൽ നടക്കാതിരുന്നെങ്കിൽ;
കേരളം ഭ്രാന്താലയമെന്നുള്ളൊരാ പഴമൊഴി-
പുതുമൊഴിയായ് ഭവിക്കാതിരുന്നെങ്കിൽ

പശിയില്ലാ ലോകത്തിലേക്കെത്തിയ സോദരാ.
നിനക്കെൻ ഹൃദയപ്രണാമം......
ആയിരം ഹൃദയപ്രണാമം.................

**തഷ്‌രീഫ.9D**

# *വ്യക്തിയല്ല ഒരു നല്ല വ്യക്തിത്വമാണ്*



എനിക്ക് നിങ്ങളോട് പറയാനുള്ളത് ഒരു വ്യക്തിയെ കുറിച്ചല്ല ഒരു വ്യക്തിത്വത്തെ കുറിച്ചാണ്. മനസാനിധ്യവും സ്വപ്രയത്നം കൊണ്ടും തന്റെ കുറവുകളെയെല്ലാം അതിജീവിച്ച് വിജയം കൈവരിച്ച "ഹെലൻ കെല്ലർ"എന്ന വ്യക്തിത്വത്തെകുറിച്ച്.

കഠിനാധ്വാനവും ആത്മവിശ്വാസവും കൊണ്ട് സ്വന്തം വൈകല്യങ്ങളെ തോൽപ്പിച്ച ഇംഗ്ലീഷ് വനിതയാണ് ഹെലൻ ആദംസ് കെല്ലർ.1880 ജ്ജൂൺ 27 ന് ജനനം.പത്തൊൻപതുമാസം പ്രായമുള്ളപ്പോൾ കാഴ്ച്ചശക്തിയും കേൾവിശക്തിയും നഷ്ടപ്പെട്ട അവർ സ്വപ്രയത്നം കൊണ്ട് സാഹിത്യം,സാമൂഹ്യപ്രവർത്തനം,അധ്യാപനം എന്നീ രംഗങ്ങളിൽ കഴിവ്

തെളിയിച്ചു.

പത്തൊൻപതാം നൂറ്റാണ്ടിലെ ഏറ്റവും പ്രഗൽഭരായ രണ്ടു വ്യക്തികൾ നെപ്പോളിയനും ഹെലൻ കെല്ലറുമാണ്,എന്ന് ഒരിക്കൽ മാർക്ക് ട്വയിൻ അഭിപ്രായപ്പെടുകയുണ്ടായി.അത്രത്തോളം സ്വാധീന ശക്തിയുള്ളതായിരുന്നു ഹെലന്റെ വ്യക്തിത്വം .ഉയരവും ആരോഗ്യവും സൗന്ദര്യവുമുള്ള സ്ത്രീ ആയിരുന്നു ഹെലൻ കെല്ലർ.അറിവുനേടാനും,ആശയവിനിമയം നടത്താനു മുള്ള അതിയായ ആഗ്രഹം ഹെലനെ എപ്പോഴും കർമ നിരതയായിരിക്കാൻ പ്രേരിപ്പിച്ചു.ഓർമശക്തിയും മന സാനിധ്യവും,നർമബോധവുമായിരുന്നു മറ്റു പ്രധാന സവിശേഷതകൾ.

ആനിസള്ളിവൻ പരീക്ഷിച്ചു വിജയി ച്ച കൈയ്യിൽ എഴുതിയുള്ള ആശയവിനിമയമായിരുന്നു ഹെലൻ ജീവിതത്തിലുടനീളം പിന്തുടർന്നത്.വാക്കുക ൾക്കും,സന്ദർഭങ്ങൾക്കുമനുസരിച്ച് ശബ്ദ വ്യതിയാനം വരുത്താൻ അവൾക്ക് കഴിഞ്ഞിരുന്നില്ല.എങ്കിലും “താഴ്വരയിലെ ലില്ലി പുഷ്പ്പം"എന്നും പ്രസിദ്ധയായ ഹെലന്റെ വാക്കുകൾ കേൾക്കാൻ എന്നും വലിയ ജനാ വലിയുണ്ടായിരുന്നു.എഴുത്തായിരുന്നു മറ്റൊരു ശക്തമാ

യ മാധ്യമം.അതും പൊതുജനങ്ങളെ അവരിലേക്കടുപ്പിച്ചു.

ഹെലനെ കുറിച്ച് ഇത്രയധികം വിശദീകരണം തന്നത് മറ്റൊന്നും കൊണ്ടല്ല."നമ്മളാരും ഒരിക്കൽ പോലും മനസ്സിലാക്കാത്ത എന്നാൽ മനസ്സിലാക്കേണ്ടതുമായ ഒരു വ്യക്തിയാണ് ഹെലൻ.നമ്മളാരും തന്നെ വിജയം കൈവരിക്കാൻ വേണ്ടി അമിതമായി പരിശ്രമിക്കാത്തവരാണ്.മറ്റുള്ളവരെ ആശ്രയിച്ച് ജീവിക്കാനാണ് കൂടുതൽ പ്രിയം.അതൊരിക്കലും നമ്മെ വിജയങ്ങളിലേക്ക് നയിക്കില്ല.

ഒന്നു ചിന്തിക്കൂ..........

തനിക്കൊരുപാട്

കുറവുകളുണ്ടായിട്ടും അവയെ എല്ലാം തോൽപ്പിച്ച് പ്രയത്നം കൊണ്ട് പ്രശസ്തിയും,ആളുകളുടെ ഉള്ളിൽ ഇടം നേടിയ വ്യക്തികൂടിയാണ് ഹെലൻ.അവർ ഇന്നും ആളുകളുടെ ഉള്ളിൽ ജീവിക്കുന്നു.ഹെലന്റെ ജീവിതത്തിലേക്കൊന്ന് തിരിഞ്ഞു നോക്കൂ.പ്രയത്നിക്കാനുള്ള മനസ്സ് വാർത്തെടുക്കൂ,ഉയരങ്ങൾ കൈവരിക്കൂ.ഇത്രമാത്രമാണ് ഒരു നല്ല സുഹൃത്തെന്ന നിലയിൽ നിങ്ങളോട് പറയാനുള്ളത്.



ശിഫ ഷെറിൻ.പി കെ
[9 E ]



# എന്റെ കൂട്ടുകാർ


ഇളം കാറ്റ് പറഞ്ഞു....
നിന്റെ ഓർമ്മകൾ എല്ലാം നിന്റെ കൂട്ടുകാരാണെന്ന്
എന്റെ സന്തോഷം പറഞ്ഞു....
നിന്നെ ചിരിപ്പിച്ചത് നിന്റെ കൂട്ടുകാരാണെന്ന്
എന്റെ സങ്കടം പറഞ്ഞു....
നിന്റെ ദു:ഖം അകറ്റിയത് നിന്റെ കൂട്ടുകാരാണെന്ന്
പച്ച വിരിച്ച പൂമരം പറഞ്ഞു....
നിനക്ക് തണലേകിയത് നിന്റെ കൂട്ടുകാരാണെന്ന്
എന്റെ ഓർമ്മകൾ പറഞ്ഞു....
നിന്റെ ഓർമ്മയിൽ മുഴുവനും നിന്റെ വിദ്യാലയമാ-
ണെന്ന്
എന്റെ കണ്ണുകൾ പറഞ്ഞു....
നിന്റെ കണ്ണിൽ മുഴുവനും അവിടമാണെന്ന്
എന്റെ കാതുകൾ പറഞ്ഞു....
നിന്റെ കാതിൽ മുഴുവനും അവിടുത്തെ മൊഴികളാ-
ണെന്ന്

എന്റെ മനസ്സ് പറഞ്ഞു....
ആകാശം അധിമനോഹരമാണെന്ന്

റിൻഷ ബേബി 8-c

# *തകഴിയുടെ ജീവിതത്തിലൂടെ*

# *ഒരു യാത്ര.....*



**പൊയ്പ്പള്ളിക്കളത്തിൽ ശങ്കരക്കുറുപ്പിന്റേയും അരീപൊറത്ത് വീട്ടിൽ പാർവതി അമ്മയുടേയും മകനായി1912 ഏപ്രിൽ 17 ആലപ്പുഴയിലെ തകഴിയിൽ മലയാള ശിൽപി തകഴി ശിവശങ്കരപിള്ള ജനിച്ചത്.കുഞ്ഞിക്കുറുപ്പിന്റെ ജേഷ്ഠനും കുടിയായതകഴി നല്ലൊരുകഥകളി,തുള്ളൽ കഥാകാരനായിരുന്നു.മണ്ണിൽ സർഗസൃഷ്ടി നടത്തുന്ന ആ കർഷകൻ അരങ്ങത്തും കെട്ടിയാടിയ വേഷങ്ങൾ ശിവശങ്കരപിള്ള എന്ന ബാലനിൽ കഥാസാഹിത്യം കൗതുകം സൃഷ്ടിച്ചു. ബാല്യത്തിൽ അച്ഛൻ പാടിയും പറഞ്ഞും കേൾപ്പിച്ച പുരാണ കഥകൾ ഒരു വലിയ എഴുത്തുകാരനെ സൃഷ്ടിക്കാൻ പോകുന്ന ഊർജമായിരുന്നു.തകഴിയുടെ ബാല്യം കുട്ടനാടൻ മണ്ണിന്റെ താളവും തൊടിപ്പും ഭാവിച്ചിട്ടുണ്ട്.കരുവാറ്റ എൻ.എസ്.എസിൽ പഠിക്കുമ്പോഴാണ് വിദ്യാർത്ഥിയുടെ അഭിരുചി തിരിച്ചറിഞ്ഞ ഒരു അധ്യാപകൻ തകഴിയെ കണ്ടത്.മലയാള നാടകകൃത്തും,നിരൂപകനുമായിരുന്ന കൈനിക്കര കുമാരപിള്ളയായിരുന്ന ആ അധ്യാപകൻ.ഗുരുവിന്റെ നിർദേശ പ്രകാരം കഥ എഴുതി തുടങ്ങിയ തകഴിയുടെ ആദ്യത്തെ കഥ "സാധുക്കൾ" ആയിരുന്നു.ഇത്1929-ൽ പ്രസിദ്ധീകരിച്ചു.1931-ൽ തിരുവനന്തപുരത്ത് നിയമപഠനത്തിന് എത്തിയ തകഴിക്ക് ലോക സാഹിത്യത്തിന്റെ വിശാല ഭൂമി കാണിച്ച് കൊടുത്തത് കേസരിയാണ്.**

**തകഴിയും,ബഷീറും,പൊൻകുന്നം വർക്കിയും ഉൾപെടുന്ന തലമുറ കഥയെ വെറും പറച്ചില്ലെന്നുംകാര്യമുള്ള കഥയിലേക്ക് ഉയരണമെന്നും നിർദേശിച്ചു.സംഭവവിവരങ്ങൾക്ക് പകരം തകഴി**

എഴുത്തിന്റെ അധ്വാനം വേട്ടയാടുന്നവന്റെ മാനസിക വേദനകളാക്കി അപ്പോൾ പിറന്ന കഥകൾക്ക് മണ്ണിന്റെ മണവും മനുഷ്യന്റെചൂരുമുണ്ടായിരുന്നു.

1934-ൽ കമലാക്ഷിയമ്മ തകഴിക്ക് ജീവിത സഖിയായി.വിവാഹ വർഷം തകഴി തന്റെആദ്യ നോവൽ പ്രസിദ്ധീകരിച്ച "ത്യാഗത്തിന് പ്രതി ഫലം".തിരുവനന്തപുരത്തിലെ ചാലക്കമ്പോളത്തിലെ വിൽപനക്കാരായ സ്ത്രീകളെ പ്രതിപാദിക്കുന്ന നോവലാണ് ഇത്.1939-മുതൽ തകഴിക്ക് വക്കീൽ ജീവിതത്തിന്റെ കാലം.ഇരുപത് വർഷം കൊണ്ട് വക്കീൽ ജീ വിതം അവസാനിപ്പിച്ചു.1947-മുതൽ ഗദ്യ സാഹിത്യത്തിന് ജീവിതത്തിന്റെ വിഭിന്ന ഭാവങ്ങൾ.1947-ൽ“തോട്ടിയുടെ മകൻ",1948-ൽ"രണ്ടിലകൾ",1956-ൽ“ചെമ്മീൻ”,1964-ൽ "ഏണിപ്പടികൾ",1978-ൽ“കയർ” അങ്ങനെ തുടങ്ങി നിലക്കാത്ത രചനകൾ.കൂടുതൽ കഥകൾക്ക് അദ്ദേഹത്തിന് പുരസ്കാരം ലഭിച്ചിട്ടുണ്ട്.

ചെമ്മീൻകേന്ദ്രസാഹിത്യഅക്കാദമിഅവാർഡ്,ഏണിപ്പടികൾക്ക്-കേരള സാഹിത്യ അക്കാദമി അവാർഡ്,കയറിന്-വയലാർ അവാർഡ് ഇങ്ങനെ തകഴി ഇന്ത്യൻ സാഹിത്യത്തിന്റെ നെറുകയിലേക്ക് ഉയർന്നു. 1984-ൽ സാഹിത്യത്തിന്റെ പരമോന്നത പദവിയായ ജ്ഞാനപീഠത്തിന് അർഹനായി.1985 ൽ രാഷ്ട്രം പത്മഭൂഷൺ നൽകി ആദരിച്ചു.കേരള സർവകലാശാല അദ്ദേഹത്തിന് ഡീലിറ്റ് നൽകി.എഴുത്തച്ഛൻ അവാർ ഡ്,വള്ളത്തോൾ അവാർഡ്,സോവിറ്റ്ലാൽ നെഹ്റുഅവാർഡ് എന്നിങ്ങനെയുള്ള പുരസ്കാരങ്ങളുടെ പെരുമഴ പെയ്തു.39 നോവലുകൾ,20 സമാഹാരങ്ങൾ2 നാടകങ്ങൾ1 യാത്രാവിവരണം4 ആത്മകഥകൾ സമാഹരിക്കാത്ത ഏറെ കൂടുതൽ തുടങ്ങിയവ അദ്ദേഹത്തിന്റെസംഭാവനകളാണ്.തകഴി ശിവശങ്കരപിള്ളക്ക് ഭാഷ ജീവിതത്തിന്റെ ഉപ്പായിരുന്നു.ചെമ്മീൻ എന്ന നോവൽഇന്ത്യയിലേയും വിദേശത്തേയും ഒട്ടുമിക്ക ഭാഷകളിലേക്കും വിവർത്തനം ചെയ്തിരുന്നു.അതുകൊണ്ട് ലോകമറിയുന്ന മലയാള സാഹിത്യം തകഴിയുടെ ചെമ്മീനിലെ ഭാഷയാണ് എന്ന് ആർ.ഇ.ആശർ പറഞ്ഞത്.60 തോളം വർഷം കാലം അഞ്ഞൂറോളം ചെറുകഥകളും 39 നോവലിലൂടെ

**മലയാളികൾക്ക് വേണ്ടി കഥ പറഞ്ഞ വിശ്വാസാഹിത്യകാരനാണ് തകഴി.1999 അദ്ദേഹം മലയാള നാടിനോട് വിട പറഞ്ഞു.**

**ഹർഷിദ. കെ . [9.D]**

# ഓർമ്മകൾക്കെന്തു സുഗന്ധം

**ഞാൻ ഓർക്കുന്നു എൻ ബാല്യകാലം കർക്കിടക മാസത്തിലെ പെരുമഴയിൽ മരങ്ങളുടെ ശിഖിരങ്ങൾ ആടി ഉലയുന്നതു പോലെ എൻ ഉള്ളം ഇന്നും ഉണരുന്നു**

**.....................................................**



**ഒരിക്കലും തിരികെ വരാത്ത എൻ ബാല്യകാലം എനിക്കായി ആനന്ദങ്ങൾ പകർന്ന ബാല്യകാലം................**

**ആ കാലം എനിക്കായി തിരികെ വരുമോ............................**

**എന്റെ ബാല്യകാല ഓർമ്മകൾക്കെന്തു സുഗന്ധം.**



**ഫഹിമ.പി.കെ**
**8.G**

# ഒരു പ്രളയാനുഭവം



ആ ശബ്ദം കേട്ടാണ് ഞാനുണർന്നത്. ഞാൻ ഒന്നുകൂടി പുതപ്പ് തലയിലൂടെ മൂടി. രണ്ടു മിനുട്ടിനു ശേഷം അന്തരീക്ഷം ശാന്തമായി. പുതപ്പിന്റെ ഉള്ളിൽ നിന്ന് മെല്ലെ ചുറ്റുമൊന്ന് കണ്ണോടിച്ചു. മുറിയിലാരുമില്ല.എണീറ്റ് നടന്നു. അടുക്കളയിൽ ഉമ്മയും താത്തയും ഉണ്ട്. വീടിന്റെ മുമ്പിൽ കാക്കവും ഞാൻ കാര്യം അന്വേഷിച്ചു. ചോദിച്ചതിന്റെ മറുപടിയൊന്നും കിട്ടിയി-ല്ലെങ്കിലും പത്രം കണ്ടപ്പോൾ കാര്യം പിടികിട്ടി.ഇടിയുടെ മുഴക്കവും മിന്നലിന്റെ കത്തലുമായിരുന്നു ഇന്നലെ

എന്നെ ഉറക്കിയത്. ക്ഷീണം കാരണം ഉറങ്ങിപ്പോയത് അറിഞ്ഞതേയില്ല. അതിന്റെ ബാക്കിയായിരുന്നു രാവിലെ കേട്ടിരുന്നത്.

അന്ന് സ്കൂളിന് ലീവായിരുന്നതുകൊണ്ട് മനസ്സിനൊരു സന്തോഷമുണ്ടായിരുന്നു. മലയുടെ അരികിലാണ് വീടെന്നതുകൊണ്ട് മഴവരുന്ന ശബ്ദം ഉച്ചത്തിൽ കേൾക്കാൻ തുടങ്ങി.ഒരു പത്തുമണിയോടെ മഴ ശക്തമായി. തോട് അടുത്തായതുകൊണ്ട് ശബ്ദം കാതിൽ അലയടിച്ചു. കുറച്ച് സമയം കഴിഞ്ഞപ്പോൾ തോട് നിറഞ്ഞൊഴുകാൻ തുടങ്ങി. പത്രത്തിൽ മുഴുവനും ഇന്നലത്തെ മഴയുടെ നാശനഷ്ടങ്ങളുടെവാർത്തകളായിരുന്നു. ഞങ്ങളുടെ മനസ്സിൽ ചെറിയ ഒരു ഭയം കട-ന്നുകൂടി. ഉച്ചയോടെ മഴ ശക്തമായി. പഴയ വീടും അധികം ഉറപ്പില്ലാത്തതും ആയതിനാൽ രാത്രി ഉറങ്ങാൻപറ്റുമെന്ന് ഞങ്ങൾക്ക് തോന്നിയില്ല. വൈകുന്നേരമായപ്പോൾ ഇരുട്ട് കൂടി വന്നു. ഞങ്ങൾ ഫോൺ, താക്കോൽ എന്നിങ്ങനെ അത്യാവശ്യ

സാധനങ്ങൾ എടുത്ത് അയൽവാസിയുടെ വീട്ടിലേക്ക് ഓടി. അന്ന് രാത്രി അവിടെ കഴിഞ്ഞു. ശരീരം മാത്രമായിരുന്നു അവിടെ. മനസ്സ് ഞങ്ങളുടെ കുടിലിൽ തന്നെയായിരുന്നു.

നേരം വെളുത്തു. ഞങ്ങൾ വേഗം വീട്ടിൽ ചെന്നുനോക്കി.ചുറ്റം വെള്ളം കയറിയ മട്ടിലായിരുന്നു.ഞങ്ങൾ വീട് വൃത്തിയാക്കാൻ തുടങ്ങിയപ്പോൾ വീണ്ടും ആകാശം കരയാൻ തുടങ്ങി.ആകാശത്തിന്റെ കണ്ണ നീർ എന്റെ കണ്ണനീരിനെ വിളിക്കുകയാണോ എന്ന് എനിക്ക് തോന്നി.ഞങ്ങൾ കയ്യിലൊതുങ്ങുന്ന സാധനങ്ങൾ എടുത്ത് ഞങ്ങളുടെ ബന്ധുക്കളുടെ വീട്ടിലേക്ക് കുടിയേറി.ഉമ്മാന്റെ ഫോണിലേക്ക് വിളിയോട് വിളിയായിരുന്നു.എല്ലാവരും പെട്ടെന്ന് വീട്ടിൽ നിന്ന് മാറിത്താമസിക്കാൻ പറഞ്ഞു.ഞങ്ങൾ നാല് പേരും നിസ്സഹായരായി.ഫോൺ വിളിക്കുന്നവർ എല്ലാവരും വീട് തകർന്നതും ഉരുൾപൊട്ടി മണ്ണിടിച്ചിലുണ്ടായ വാർത്തകളുമാണ് പറയുന്നത്.അതെല്ലാം കേൾക്കുമ്പോൾ ഞങ്ങളുടെ മനസ്സ്തകരുകയായിരുന്നു.ബന്ധുവിന്റെ വീട്ടിൽ നിന്ന് ജനാലയിലൂടെ നോക്കുമ്പോൾ മഴവെള്ളം വീടിന്റെ ചുറ്റും ചാലുകളായി ഒഴുകുന്നു.മഴക്ക് ശമനം കിട്ടിയപ്പോൾ ഞങ്ങൾക്ക് അത്യാവശ്യം വന്ന സാധനങ്ങൾ എടുക്കാൻ വീട്ടിലേക്ക് പോയി അടുക്കളഭാഗത്തേക്ക് വെള്ളം കയറുന്നുണ്ടായിരുന്നു. മണ്ണ് വന്നടിഞ്ഞു. അലക്കുകല്ല് ഒലിച്ചുപോയി. വീടിന്റെ ചുറ്റും മണൽ വന്നടിഞ്ഞു. ഞങ്ങൾ വീടിന്റെ അകത്തുകയറി നോക്കി. മഴവെള്ളം അടുക്കളഭാഗത്തെ സ്റ്റെപ്പിൽ കയറിയിറങ്ങുന്നുണ്ട്. പുറത്തുള്ള ബക്കറ്റുകളും ചെരുപ്പുകളും ഒലിച്ച പോയി.ഈ മഴ ഇങ്ങനെ ഒരു മാസത്തോളം നീണ്ടു നിന്നു .ഞങ്ങൾ ബന്ധുക്കളുടെ വീടുകളിൽ കഴിഞ്ഞുകൂടി. വെള്ളപ്പൊക്കത്തിന്റെ ശക്തത കാരണം സ്കൂൾ ലീവായിരുന്നു. അടുത്തുള്ള അങ്ങാടികളിലെല്ലാം വെള്ളം കയറി കടകൾ നശിച്ചു. ഈ വെള്ളപ്പൊക്കത്തിൽ രക്ഷപ്പെട്ടവരും രക്ഷപ്പെടാത്തവരുമുണ്ട് .ക്യാമ്പുകളിൽ



നിന്നവരുമുണ്ട്.എന്നാൽ ആരും ശ്രദ്ധിക്കപ്പെടാത്തവരുമുണ്ട് . അങ്ങനെയുള്ളവരിൽ ഞങ്ങളുമുണ്ട്. 2018 ൽ

**കേരളത്തെ നടുക്കിയ ഏറ്റവും വലിയ സംഭവമാണ്ഇത്. ഇപ്പോൾ ഓർക്കുമ്പോൾ സ്വപ്നത്തിൽ കണ്ടതുപോലെ തോന്നി.**

**- റിയ ഫാത്തിമ**

**9E**

# മങ്ങിയ പൂമരം

**ജീവിതമാം എൻ പൂമരം കൊഴിഞ്ഞു തുടങ്ങി**

**പക്ഷികൾ മറന്ന,എൻ നിറമിഴികളിപ്പൊ**

**നിറഞ്ഞൊഴുകാറില്ല....!**

**തളർവാതത്തിലുണങ്ങിയ മുഖ ഭംഗിയിൽ**

**ചുണ്ടുകളിപ്പോൾ വിതുമ്പി,**

**വിലമതിയാം അശ്രുതൻ മുത്ത്**



**പൊഴിക്കാറില്ല....!**

**കറുത്ത നിറമാർന്ന വാർ മുടി**

**നാരുകൾക്കിടയിലെ,**

**തുളസിക്കതിരിപ്പൊ പുഞ്ചിരിക്കാറില്ല.....!**

**ഉറ്റവരില്ലാതെ, ഉടയവരില്ലാതെ,ആരും**

**തിരിഞ്ഞു നോക്കാതെ,**

**ആശുപത്രി മുറിയിലെ ഒരനാഥ**

**ശവം പോലെ എൻ**

**ഹൃദയമിന്നു നീറുന്നു....**

**നിശബ്ദത ബാക്കിവെച്ചയെൻ**

**പൂമരമിപ്പൊ കരിവിളക്കുപോൽ**

**നിറം മങ്ങുന്നു...........** **റിൻഷ.വി 9.C**

# സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട മാലാഖ

**മീനു എന്നും അവളുടെ മുത്തശ്ശിയുടെ കൂടെയാണ് കിടന്നുറങ്ങാറുള്ളത്. അവൾക്ക് മുത്തശ്ശി ഒരുപാട് കഥകൾ പറഞ്ഞുകൊടുക്കുമായിരുന്ന. പതിവുപോലെഅവൾഅത്താഴം കഴിച്ച് മുത്തശ്ശിക്കൊപ്പം കിടന്നുറങ്ങുകയായിരുന്നു. അപ്പോഴാണ് അവളുടെ കൂട്ടുകാരികാരികളായ മിന്നു,മണികുട്ടി,ആമി എന്നിവർ അവിടെ എത്തിയത് .ഉറക്കത്തിൽ നിന്ന് അവളെ ഉണർത്തി അതിമനോഹരമായ സ്ഥലത്തേക്ക് കൊണ്ടുപോയി.മീനുവിന് ആ സ്ഥലത്തെക്കുറിച്ച് മുത്തശ്ശി ഒരു കഥ പറഞ്ഞതായിട്ട് അവൾ ഓർത്തു. അവൾ അത് തന്റെ കൂട്ടുകാരികളോടു പറഞ്ഞു.മുത്തശ്ശി പറഞ്ഞിരുന്ന ആപാറ അവർ തിരഞ്ഞു. ഒരുപാട് നടന്നു. അവർ ആ പാറ കണ്ടു. മീനു അതിന്റെ മുകളിലോട്ടു കയറാൻ തുടങ്ങി. ആമി ചോദിച്ചു ;താൻ എവിടെക്കാ**



കയറുന്നത്? ഈ പാറയുടെ മുകളിൽ ഒരു വെള്ളച്ചാട്ടമുണ്ട്. അ-വിടെ ചെന്നു ദൈവത്തെ സ്മരിച്ചാൽ ഒരു മാലാഖ പ്രത്യക്ഷപ്പെടും.ആ മാലാഖ നമ്മുടെ ഏതു കാര്യവും നിറവേറ്റി തരുന്നതാണ് എന്ന് പറഞ്ഞു കൊണ്ട് അവ-ൾ വീണ്ടും കയറി. പുറകെ മറ്റുള്ളവരും കയറി. അവൾ പറഞ്ഞതുപോലെ അവർ നാലുപേരും ദൈവത്തെ സ്മരിച്ചു. ആരും തന്നെ പ്രത്യക്ഷപ്പെട്ടില്ല. അവർ മീനുവിനെ കളിയാക്കി മടങ്ങാൻ നിന്നു പെട്ടെന്ന് അ-വിടെയാകെ ഒരു പ്രകാശം പരന്നു. ആകാശത്തിൽ നിന്ന് ഒരു മാലാഖ അവരുടെ മുന്നിൽ പ്രത്യക്ഷപ്പെട്ടു.അവർ നാലുപേരും അന്തോളിച്ചു നിന്നു. മാലാഖ അവ-രോട് ചോദിച്ചു;ഞാൻ നിങ്ങളുടെ ഏത് ആഗ്രഹമാണ് നിറവേറ്റി തരേണ്ടത്. അവർ സന്തോഷത്തോടെയും ഉത്സാഹത്തോടെയും പറഞ്ഞു. ഞങ്ങൾക്കു നാലുപേർ-ക്കും ചിറകുകൾ വെച്ച് ഈ ആകാശത്തിലൂടെ ഒന്നു പറക്കണം. അവരുടെ ആഗ്രഹം മാലാഖ നിറവേറ്റി. അവരോട് മാലാഖ യാത്ര പറഞ്ഞു. മാലാഖ അവിടെ നിന്ന് അപ്രത്യക്ഷമായി. അവർ സന്തോഷത്തോടുകൂടി നടന്നു പോരുകയായിരുന്നു. പെട്ടെന്ന് മീനുവിനെ ആരോ വിളിച്ചു. അവൾ തിരിഞ്ഞുനോക്കിയപ്പോൾ കണ്ടത് അവളുടെ അമ്മയെയായിരുന്നു. അവൾക്ക് അപ്പോഴാണ് മനസ്സിലായത് താൻ കണ്ടത് വെറുംഒരു സ്വപ്നമായിരുന്നു എന്ന്. അവൾ സന്തോഷത്തോ-ടെ എഴുന്നേറ്റ് സ്കൂളിലേക്ക് പോകുവാൻ തയ്യാറായി. അന്ന് താൻ കണ്ട സ്വപ്നത്തെ കുറിച്ച് അവൾ തന്റെ സുഹൃത്തുക്കളോടു പറഞ്ഞു

ബെല്ല് അടിച്ചുടീച്ചർ ക്ലാസിലേക്ക് ഒരു സന്തോഷവാർത്തയുമായിട്ടാണ് വന്നത്.ഒരു വിനോദയാത്ര, അവർ നാലുപേരും പോകുവാൻ ആഗ്രഹിച്ചു. വീട്ടിൽ നിന്നും സമ്മതം ലഭിച്ചപ്പോൾ അവർ അതിയായി സന്തോഷിച്ചു. അങ്ങനെ, അവർ കാത്തിരുന്ന ആ ദിവസം വന്നെത്തി. അവർ സന്തോഷം കൊണ്ട്

മതിമറന്നു. പാട്ടും ഡാൻസും എല്ലാം ഉണ്ടായിരുന്നു. ആമിയുടെ ഒരു ഗാനവും. കുട്ടികളെല്ലാംആനന്ദത്തിലായിരുന്നു. അങ്ങനെ അവർ അവിടെ എത്തി. മീനു അതിശയിച്ചു. താൻ അന്ന് സ്വപ്നത്തിൽ ക-ണ്ട അതേ സ്ഥലം. അവൾ കൂട്ടുകാരികളോട് പറഞ്ഞു.ഇത് ഞാൻ ആ സ്വപ്നത്തിൽ കണ്ട അതേ സ്ഥലാ.....വാ നമുക്ക് ഇവിടെ പാറയുണ്ടോ എന്ന് നോക്കാം.അങ്ങനെ അവർ നാലുപേരും പാറയുടെ അരികിലെ-ത്തി. അവർ അതിന്റെ മുകളിലോട്ടു കയറി തുടങ്ങി.മീനു പറഞ്ഞതുപ്രകാരം അവർ ദൈവത്തെ സ്മരിച്ചു.പെട്ടെന്ന് അവിടെ പ്രകാശം പരന്നു. മാലാഖ അവ-രുടെ മുന്നിൽ പ്രത്യക്ഷപെട്ടു. അവർ നാലുപേരും അവ-രുടെ ആഗ്രഹം പറഞ്ഞു. നാലുപേർക്കും ആകാശത്തി-ലൂടെ പറക്കണമെന്നായിരുന്നു മോഹം. പെട്ടന്ന് തന്നെ അവർക്ക് ചിറകുകൾ മുളച്ചു. അവർ മാലാഖയോടൊപ്പം പറക്കാൻ തുടങ്ങി. പിന്നെ മാലാഖ അവരോട് യാത്ര പറഞ്ഞു കൊണ്ട് അവിടെ നിന്നും അപ്രത്യക്ഷമായി.അവർ സന്തോഷത്തോടെയാണ് അവിടെ നിന്നും വീട്ടിലേക്ക് മടങ്ങിയത്. പിറ്റേ ദിവസം അവർ തന്റെ ക്ലാസിലുള്ള കൂട്ടുകാരോടും മാലാഖയെ കുറിച്ച് പറഞ്ഞു കേട്ടപ്പോൾ അവരെ കളിയാക്കി. അങ്ങനെ ദിവസങ്ങൾ കഴിഞ്ഞു. മണികുട്ടിയുടെ പിറന്നാളിന് മീനുവും,മിന്നുവും ആമിയും അവളുടെ വീട്ടിലോട്ടു പോയി.മിന്നുഅവൾക്ക് ഒരു സമ്മാനം നൽകി.അവൾ അത് സന്തോഷത്തോട്ടു കൂടി തുറന്നു.അതിൽ അവൾ കണ്ടത് മാലാഖയെ കണ്ട് അന്ധാളിച്ചു നിൽക്കുന്ന അവരുടെ ചിത്രമായിരുന്നു.



**മാജിദ .കെ**

**9 E**

# സ്കൂൾ ജീവിതം

സ്കൂൾ ജീവിതം അതിരസകരം
അതിസുന്ദരം ,അതിമനോഹരം
അതിലുള്ള എല്ലാവരും സ്വന്തം
കൂട്ടു കുടുംബം പോലെ........

ഞങ്ങളെല്ലാവരും കൂട്ടുകാരാണേ.....
അതിലേറെയുപരി സഹോദരി
സഹോദരൻമാരാണേ......

ഞങ്ങളുടെ സ്കൂളിൽ ധാരാളം
അധ്യാപകരുമുണ്ടേ....



അവരാണെങ്കിലൊ സ്വന്തം

അച്ഛനമ്മ പോലെ.....

ഞങ്ങളുടെ കൂട്ടുകുടുംബത്തിൽ ധാരാളം

തമാശകളും കളിചിരികളുമുണ്ടേ......

അതിൽ കൂടിരസിക്കാൻ എനിക്ക്

വളരെയധികം ഇഷ്ടമാണേ.......

സമീന ഷെറിൻ . 9E .

# IMPORTANCE OF PARENT

**The importance of parents in life is depending on our culture and thinking . Parents play the biggest role in our development .They play important role in our mental,physical,social,financial and career development. They help us in every step of our life .Parents are the most precious gift of the god for human being .**

**When we are happy then they are happy .They slap on us when we go wrong .When we do mistake,they are like a teacher .They train us for the future challenges.**



**Parents are living for us .They real god and our**

**first teacher .They know every thing about us .They know what things disturb us and what kind of mental attitude we have .That's why I think why parent involve important in a child's education .**

**When we give our children the freedom to choose any offline or online education, any platform or stream,it will make them happy .Parenting a child is not easy .There are many positive effects of parental involvement in education .And I think understanding kids freedom,interest,happiness and passion will make impact in their studies and career.**

**Nafla Jaseen.M.. 9E**

# MY FAMILY IS MY HEAVEN



My mom is my heart
My dad is my heart beats
My sister is my blood
My brother is my vein

My grandpa is my knowledge
My grandma is my story world
My uncle is my credit card

My aunty is my love
My cousin is my secret box

My family is my heaven
I love to live in it till my death
They are my role models
They are a boon from God

**FIDHA SAREENA P.P.**
**9E**

# *ROLE OF SOCIAL MEDIA*

***There are lots of positive and negative uses of social media in our daily life. The positive uses can lead people to valuable use of time,peace of mind , happiness by sharing their ideas, photos, good conversation, protessional activities,jokes and acting through the apps like tiktok dubsmash etc.. with a wide variety of people family groups and society.***

***The negative uses of social media start when we use it without limitations. When people are bored with their works,depression,when the students are bored with their studies they choose social media as their relief by sharing their latest merries and worries with the world.***



***Every one uses social media differently , many of us***

*uses for our priorities and time to achieve our means..., especially the youth population. The content of social media like: facebook,whatsapp,instagram,share chat,tiktok and imo etc.. are so much engaging that people forget about time and their sense of purpose and aims. Today, many more apps and web sites were creating to make people excited and conversational. But in fact, the people find themselves being addicted to it!*

*The students are more addicted and attracted or target by social media . It is because they spend more time on online , share a variety of things , updating status , they chat with friends ,family and other funny groups more than social things. More than half of the population are addicted to social media companies. It is also good in certain uses. Why do people making use of social media and other related media. It means to increase social development but the problem arises when people forget about their own personal development by spending their precious time.*




*Students can build a prosperous community and groups with a variety of educational concepts such as general knowledge groups , school groups, quiz programmes , social services etc. The truth is that these are made by companies and apps instead of students . So, the students are participated in these groups . It must be more useful and helpful for every one.*

*Another important case arising , with children is that of cyber crime .The use of social media by a*

***student should be for personal development and learning and not for harassing or blackmailing others to win their selfish aims we must not forget moral and cultural value of life.***

***In this essay i tell about the advantages and disadvantages of internet and other social media . We must use only their merits and not their demerits. I will try to cover the positive uses of methods that not only make me productive , but also to escape from addiction caused by it.***

***FIDHA SAREENA P.P 9E***

# *MY SCHOOL MY PRIDE*

*My school is my pride. My school is A.H.S.S parel Mampattumoola. It is an ideal school. Here education is an excellent arrangement of arts, sports and co-curricular and extra curricular activities. In my school there are 5th to 12th grade. Here I meet enlightened teachers who impart the light of knowledge also meet my friends in the form of classmates who make my life colourful and vibrant with their friendship and co-operation.*



*My school motivates me to my goal. It helps me to enhance my character and culture .Each steps of life is influenced by the ideals of my school. My teachers are best mentors in my life. I can share my sorrows,happiness ad worries with my teachers and friends, I believe school is a great stage to perform my good thoughts and deeds.I am owed to my school to mould me in a proper way. It helps me to filter my virtues and vices. I feel absolutely proud of my school to lead me*




*through a proper channel. Surely I can say my teachers really help me to fly through my imagination.*

*I can say that my school deed is my pride where I spend maximum time in the company of parents like teachers and siblings like peers I just love my school.*

***Megha Chelat..9.E***

## MY BEST FRIEND

***When I went deep into my memories***
***I could see a smiling face***
***Time couldn't wipe it out***
***Now I feel a sort of happiness***

***When I had a suffering face***
***She was there to console me***
***When I was in great troubles***
***She was there to rescue me***

***When she could see my gravious heart***
***She would be my inspiration***
***She would make me confident***

***When I was in confusion***
***She was with me, when I walked***
***She could realize my feelings***
***She could tell me what I talked***

***When I slept***
***She showed me wonderful dreams***
***She taught me value of friendship***


***I wish she was always with me***
***I tell her everything in my life***
***I miss care,***
***I miss her talk,***

***I miss her laugh And***
***I miss time which she spent with me***
***She is the gift from the god***
***She is the best friend in the world***
***My best friend ever.....***
***I think I can see her only in this world***
***She is my mind,***
***She is my life***

***RABIYA***
***9 E***

# IMPORTANT OF COMPUTER

This is the age of IT .Computers are known as the key in every one's life .The father of computer is Charles Babbage .It is the machine used to make our work more easy and fast .Now a days all the works are fully supported by computers.



By using internet connection in computers we connect with the world and can get into the world of information, knowledge .Now a days the availability of most modern computers are increasing in the job field.

By the invention of computers the change undergoing in our world is very fast .In the field of sales and marketing,computers are performing wonders.

We can do animation,editing,gaming,typing etc...... in the computer. Their are many job facilities in the sector of IT.

## USES OF INTERNET

The main uses of internet are

- Banking
- Gaming
- Online shopping
- Online communication



## Banking

Banking is one of the most useful process with the help of internet .We can transfer money through this facility .

## Gaming



We can play many online games through internet .Some of the games which can play online are Mini militia,PUBG,FIFA,etc...

## Online shopping

Online shopping is an interesting internet facility .Any one can buy any thing through online shopping .Some of the exciting Online shopping applications are Amazon,Flipkcart,



Snapdeal,Myntra etc...

## Online communication

Another exciting use of internet is online communication .We can communicate the peoples all over the world through some famous applications like Facebook,Whatsapp,Twitter,Instagram,Skype etc...

**SREERAG.T.P. 9E**


MEGHA CHELAT
9 E



MEGHA CHELAT
9 E



Shibili
9 E





BAHJANA
9G


NIMISHA JAHAN
9 E



നവ കേരളം
"ഒരുമയായിരുന്നു കേരളം.
ഒരുമയാണ് കേരളം.
ഒരുമയായിരിക്കും കേരളം."
Reyan hamed
7 E



SHAMILA
9 C





SHARON JASMINE

8 I



REYAN HAMED
7 E


കേരളത്തിന്റെ പുനർജ്ജനനം
AJINSHA
9 G


SOORAJ
10 F



FATHIMA SHERI
10 A



SREERAG
9 E



FADHILA
9 E


FILDA
9E


നവ
കേരളം
Ahmmad Binshad
10 C


GILSHA
9D


RINSIYA
6 A


AKHIL ALTHAF
9 D

ഉയരങ്ങളിലേക്കൊരു കുഞ്ഞു പട്ടം

# TEAM LITTLE KITES



**ഇ മാഗസിനുമായി സഹകരിച്ച എല്ലാവര്ക്കും നന്ദി**

**-------------------------------------------എഡിറ്റർ**

**അഖിൽ അൽത്താഫ്**